"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-ശ്രീ.റ്റി.കറപ്പൻ തേവനും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA(EKM) No.1527/2023 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 06/11/2023-ൽ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.238/2024/TRANS തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:-

1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ OA (EKM ) No.1527/2023 നമ്പർ കേസിൽ 06/11/2023-ൽ പുറപ്പെടുവിച്ച ഉത്തരവ്
2. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 01/12/ 2023-ലെ SWTDHO/1635/2023-S4 നമ്പർ കത്ത്

**ഉത്തരവ്**

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കോടതി ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ OA(EKM) No.1527/2023 നമ്പർ കേസിലെ അപേക്ഷകരെ നേരിൽ കേട്ടശേഷം അനുബന്ധം A6 നിവേദനം പരിഗണിച്ച് ആയതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2) OA No.1527/2023 നമ്പർ കേസിലെ അപേക്ഷകരായ ശ്രീ.റ്റി.കറപ്പൻ തേവനും മറ്റുള്ളവരും 2010-ൽ ബോട്ട് ലാസ്കർമാരായി സർവ്വീസിൽ പ്രവേശിക്കുകയും 2012-ൽ ബോട്ട് സ്രാങ്ക്/ഡ്രൈവർ എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു. 2010-ൽ ബോട്ട് ലാസ്കർമാരായി സർവ്വീസിൽ പ്രവേശിക്കുകയും ബോട്ട് ലാസ്കർ ഗ്രേഡ്. I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും ചെയ്ത സഹപ്രവർത്തകർക്ക് അപേക്ഷകരെക്കാൾ കൂടുതൽ ശമ്പളം ലഭിക്കുന്നു എന്നും ആയത് പരിഹരിച്ച് ശമ്പളം പുന:നിശ്ചയിക്കണമെന്നുമാണ് ഈ കേസിലെ അപേക്ഷകരുടെ വാദം. ശമ്പള കമ്മീഷൻ ഉത്തരവ് സ.ഉ(പി)7/2016/ഫിൻ തീയതി.20/01/2016 പ്രകാരം ജീവനക്കാരുടെ ശമ്പളം നിശ്ചയിച്ചപ്പോൾ അപേക്ഷകരുടേയും സഹപ്രവർത്തകരുടേയും ശമ്പളം തുല്യം അല്ലെങ്കിൽ അവ തമ്മിൽ ഒരു ഇൻക്രിമെന്റ് വ്യത്യാസമേയുള്ളൂ എന്നും പിന്നീട് ബോട്ട് ലാസ്കർ തസ്തികയിൽ തുടരുന്ന സഹപ്രവർത്തകർക്ക് ബോട്ട് ലാസ്കർ ഗ്രേഡ്.1

തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ, അവരുടെ ശമ്പളം അപേക്ഷരെക്കാൾ ഒന്നോ രണ്ടോ ഇൻക്രിമെന്റ് മുന്നിലെത്തി എന്നും 8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചാലും അവരുടെ ശമ്പളം അപേക്ഷകരെ മറികടക്കുന്നതാണെന്നും ബോട്ട് ലാസ്കർ ഗ്രേഡ് II-ൽ നിന്നും ബോട്ട് ലാസ്കർ ഗ്രേഡ്-I ലേയ്ക്കുള്ള റേഷ്യോ പ്രൊമോഷൻ തുടർച്ചയായ നടപടി ക്രമമാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 08/01/2024-ൽ അപേക്ഷകരെ നേരിൽ കേൾക്കുകയുണ്ടായി.

4) ശ്രീ.കറപ്പൻ.ടി-യും ജൂനിയറായ ശ്രീ.കൃഷ്ണരാജ്.എൻ.ബി-യും ലാസ്കർ ഗ്രേഡ് II തസ്തികയിലാണ് പ്രവേശിച്ചത് എങ്കിലും ശ്രീ.കറപ്പൻ.ടി-യ്ക്ക് സ്രാങ്ക് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചപ്പോൾ ശ്രീ.കൃഷ്ണരാജ്.എൻ.ബി സ്രാങ്ക് ആയി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള യോഗ്യത ഇല്ലാത്തതിനാൽ ലാസ്കർ ഗ്രേഡ് II തസ്തികയിൽ തന്നെ തുടരുകയും 22/07/2017 പ്രാബല്യത്തിൽ ബോട്ട് ലാസ്കർ ഗ്രേഡ്-I തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ ലഭിക്കുകയും ചെയ്തതിനാൽ വ്യത്യസ്ത ശമ്പള സ്കെയിലിൽ തുടരുന്ന ജീവനക്കാരാണ്. ഇപ്രകാരം വ്യത്യസ്ത തസ്തികകളിലും, വ്യത്യസ്ത ശമ്പള സ്കെയിലിലും തുടരുന്ന ജീവനക്കാരുടെ ശമ്പളത്തിലെ വ്യത്യാസം ജൂനിയർ-സീനിയർ അനോമലിയുടെ പരിധിയിൽ ഉൾപ്പെടുത്തി പരിശോധിക്കുവാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ OA No.1527/2023 കേസ് ഫയൽ ചെയ്തിട്ടുള്ള ജീവനക്കാരുടെ ശമ്പളം ജൂനിയർ-സീനിയർ അനോമലി പ്രകാരം ക്രമീകരിക്കാനാവില്ല. റെഗുലറായ സ്ഥാനക്കയറ്റ ശ്രേണിയിൽ, ഒരു തസ്തികയിൽ officiate ചെയ്യാതെ അതിനു തൊട്ടു മുകളിലേക്ക് നേരിട്ട് സ്ഥാനക്കയറ്റം നൽകുന്ന അവസരത്തിലാണ് 17.11.1987 ലെ സ.(അ) 968/87/ധന ഉത്തരവ് പ്രായോഗികമാകുന്നതും, officiate ചെയ്യാത്ത തസ്തികയിൽ intermediary fixation അനുവദിച്ചു കൊണ്ട് പ്രൊമോഷൻ ലഭിച്ച തസ്തികയിൽ fixation നടത്തുന്നതും.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. വ്യത്യസ്ത തസ്തികകളിലും, വ്യത്യസ്ത ശമ്പള സ്കെയിലിലും തുടരുന്ന ജീവനക്കാരുടെ ശമ്പളത്തിലെ വ്യത്യാസം ജൂനിയർ-സീനിയർ അനോമലിയുടെ പരിധിയിൽ ഉൾപ്പെടുത്തി പരിശോധിക്കുവാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ OA No.1527/2023 കേസ് ഫയൽ ചെയ്തിട്ടുള്ള ജീവനക്കാരുടെ ശമ്പളം ജൂനിയർ-സീനിയർ അനോമലി പ്രകാരം ക്രമീകരിക്കാനാവില്ല. പ്രസ്തുത സാഹചര്യത്തിൽ OA No.1527/2023 കേസിലെ അപേക്ഷകരായ ജീവനക്കാരുടെ ശമ്പളം ജൂനിയർ-സീനിയർ

അനോമലി പ്രകാരം പരിഹരിക്കണമെന്ന അനുബന്ധം A6 -ലെ ആവശ്യം നിരസിക്കുന്നു. റെഗുലറായ സ്ഥാനക്കയറ്റ ശ്രേണിയിൽ, ഒരു തസ്തികയിൽ officiate ചെയ്യാതെ അതിനു തൊട്ടു മുകളിലേക്ക് നേരിട്ട് സ്ഥാനക്കയറ്റം നൽകുന്ന അവസരത്തിലാണ് 17.11.1987 ലെ സ.(അ) 968/87/ധന ഉത്തരവ് പ്രായോഗികമാക്കി officiate ചെയ്യാത്ത തസ്തികയിൽ intermediary fixation അനുവദിച്ചു കൊണ്ട് പ്രൊമോഷൻ ലഭിച്ച തസ്തികയിൽ fixation നടത്തുന്ന സാഹചര്യം ഉള്ളതിനാൽ അപേക്ഷകർക്ക് അതിനുള്ള അർഹതയുണ്ടോ എന്ന് നിയമനാധികാരിയായ സംസ്ഥാന ജലഗതാഗത ഡയറക്ടർ സ്പെഷ്യൽ റൂൾസും അനുബന്ധ ഉത്തരവുകളും പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്.

6)ഇപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
T Karappan Thevan, Girijan Colony, Kumaly P.0, Idukki-685 509
Sanu K.S, Pulinthazhanikath, Arookutty P.0, Alappuzha-688 535
Sooraj N.S, Nikarthil (H), Manappurarn P.0, Cherthala, Alappuha-688 526
Nandakumar P D, Vadakkepulikkiyil, Panavally P.0, Cherthala, Alappuzha -688 526
Saneesh P.R, Thikarthil, Naduvath Nagar P.0, Cherthala, Alappuzha-688 526
Sandeep Ahammed, Chungathara (H), Koothapady, Thammanam P.0, Ernakulam, -682 032
Prahladan M.R, Mukkannamchira, Perumbalam p o, Cherthala-588 570
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള , തിരുവനന്തപുരം
ഐ & പി.ആർ (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Biju N
സെക്ഷൻ ഓഫീസർ
Date: 27-06-2024 17:16:42